# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.* 552    21.11.2019-ലെ മറുപടിയ്ക്ക്.**

## വിദ്യാലയങ്ങളിലൂടെ മാനസിക സാംസ്കാരിക വികാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീമതി.പി.അയിഷാ പോറ്റി | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ വിദ്യാർത്ഥികൾക്ക് തൊഴിൽപ്രാപ്തിയും അക്കാദമിക അറിവും നേടിക്കൊടുക്കുന്നതോടൊപ്പം വിദ്യാലയങ്ങളെ മാനസിക സാംസ്കാരിക വികാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങൾ എന്ന നിലയിൽ പരിവർത്തനം നടത്തുന്നതിനായി അധ്യാപക സമൂഹം ശേഷി ആർജ്ജിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | എ) | വൈജ്ഞാനിക രംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന് അധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും നിരന്തര പഠനത്തിന്റെയും ഗവേഷണത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുന്നതിനും സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണ്യം വളർത്തുന്നതിനുമാണ് നവീനമായ അധ്യാപക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. കേരളത്തിലെ സ്കൂളുകളിലെ അധ്യാപക സമൂഹത്തിനായി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും, ബോധനശാസ്ത്രത്തിലും, വിദ്യാഭ്യാസ മനഃശാസ്ത്രത്തിലും അതോടൊപ്പം വിഷയബന്ധിതമായും ഉള്ള മേഖലകളെ പ്രതിപാദിച്ചുമാണ് പരിശീലന പരിപാടികൾ കാലാകാലങ്ങളായി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർസെക്കന്ററി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അധ്യാപകരെ സജ്ജരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. അനുഭവാധിഷ്ഠിത പഠനത്തിന് പ്രാമുഖ്യം നൽകി ഹയർസെക്കന്ററി അധ്യാപകരുടെ ആശയതലം വിപുലീകരിക്കുക, വ്യത്യസ്ത അറിവുകൾ പങ്കുവയ്ക്കുക, പുതിയ ബോധന രീതികൾ സ്വായത്തമാക്കുക തുടങ്ങിയവയാണ് ഈ പരിശീലന പരിപാടി- |

......................(2)

| | | | |
|---|---|---|---|
| | | | കൊണ്ടുള്ള ഗുണം. ഹയർസെക്കന്ററി മേഖലയിൽ കരിയർ ഗൈഡൻസ് & അഡോളസെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികളുടെ അക്കാദമിക-ബൗദ്ധിക നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ നടത്തിവരുന്നു. ഫോക്കസ് പോയിന്റ്, കെ-ഡാറ്റ്, വളർച്ചാ വൈകല്യമുള്ള കുട്ടികളുടെ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം, വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഗൈഡുമാരായ അധ്യാപകർക്കുള്ള വിവിധ പരിശീലനങ്ങൾ, വിജയശതമാനം ഏറ്റവും കുറഞ്ഞ സ്കൂളുകളെ തിരഞ്ഞെടുത്ത് പഠനനിലവാരം ഉയർത്തുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP), തുടങ്ങിയവ അവയിൽ ചിലതാണ്. |
| ബി) | ബഹുസ്വര സമൂഹത്തിന്റെ അടിത്തറയായ ജനാധിപത്യം, പരസ്പരബഹുമാനം, സഹകരണം തുടങ്ങിയ മൂല്യങ്ങൾ സ്വായത്തമാക്കുന്നതിനനുയോജ്യമായ രീതിയിലുള്ള വിദ്യാഭ്യാസക്രമം വികസിപ്പിച്ചെടുക്കാനായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | ബി) | കേരളത്തിന്റെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി ജനാധിപത്യം, പരസ്പരബഹുമാനം, സഹകരണം തുടങ്ങിയ അടിസ്ഥാന ആശയങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഭരണഘടന വിഭാവനം ചെയ്യുന്ന അടിസ്ഥാന തത്വങ്ങളായ മതേതരത്വം, സാഹോദര്യം, സാമൂഹ്യ സമത്വം തുടങ്ങിയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിയുമാണ് പാഠ്യപദ്ധതിയും പാഠ്യക്രമവും പാഠഭാഗങ്ങളും തയ്യാറാക്കിയിരിക്കുന്നത്. നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിഷ്കരണഘട്ടത്തിൽ ഈ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| സി) | അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന സ്കൂളുകളിൽ പ്രഥമാധ്യാപകന് വിപുലമായ അധികാരവും വിദ്യാർത്ഥികളുടെ ക്ലാസ്സ് മുറിയിലെയും സ്കൂൾ വളപ്പിലെയും | സി) | പ്രഥമാധ്യാപകന് സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ വിപുലമായ അധികാരം ഉണ്ട്. ഹയർസെക്കന്ററി വിഭാഗം വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പാളാണ്. സ്കൂളിന്റെ പൊതുച്ചുമതലയും ഹയർസെക്കന്ററി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പാളിൽ നിക്ഷിപ്ത- |

.........................(3)

| | | |
|---|---|---|
| | പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ ഉൾപ്പെടെയുള്ള സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇത് വിദ്യാർത്ഥികളിലെ സ്വാതന്ത്ര്യാഭിവാഞ്ഛക്ക് ഹാനികരമാകാത്ത തരത്തിലാണോ ഏർപ്പെടുത്തുന്നതെന്ന് അറിയിക്കാമോ ? | മാക്കിയിരിക്കുന്നു. ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 13.09.2017-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ക്യാമറ ക്ലാസ്സ് മുറികളിൽ സ്ഥാപിക്കുവാൻ പാടില്ലായെന്ന്, 12.07.2018-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ടി നിർദ്ദേശത്തിനെതിരെ ബഹു.ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യപ്പെടുകയും ടി വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ